**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1729** **13-02-2025 - ൽ മറുപടിയ്ക്ക്**

**ഐ.ഇ.ഡി. വിഭാഗം വിദ്യാർത്ഥികൾക്ക് സ്ക്രൈബ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിൽ പഠിക്കുന്ന ഐ.ഇ.ഡി. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതുന്നതിനായി കോളേജ് തലത്തിൽ തന്നെ സ്ക്രൈബിനെ സംഘടിപ്പിച്ചു നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാമോ? | (എ) | കോളേജുകൾ കണ്ടെത്തുന്ന സ്ക്രൈബിനെ നിയമിക്കുന്നതിനായി അതാതു പ്രിൻസിപ്പൾമാർ അപേക്ഷ സമർപ്പിയ്ക്കുമ്പോൾ രേഖകൾ പരിശോധിച്ച ശേഷം അനുമതി നൽകുന്നതിന് കാലിക്കറ്റ് സർവ്വകലാശാല നടപടി സ്വീകരിക്കുന്നുണ്ട്. ഒന്നാം സെമസ്റ്ററിൽ സ്ക്രൈബിനെ ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന പക്ഷം ഒന്ന് മുതൽ ആറ് സെമസ്റ്റർ വരെ (റെഗുലറും സപ്ലിമെന്ററിയും) എല്ലാ സെമസ്റ്ററിലും സ്ക്രൈബിനെ ലഭ്യമാക്കുന്നതിനും കാലിക്കറ്റ് സർവ്വകലാശാല അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ